**പതിമൂന്നാം കേരള നിയമസഭ**
**ആറാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 191 — 18.12.2012-ലെ മറുപടിയ്ക്ക്

## സംസ്ഥാന സഹകരണ വിജിലൻസ് സംവിധാനം

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. എം.ഹംസ<br>,, ജി.സുധാകരൻ<br>,, കെ.വി.അബ്ദുൾ ഖാദർ | ശ്രീ.സി.എൻ.ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ മന്ത്രി) |
| (എ) സംസ്ഥാന സഹകരണ വിജിലൻസ് സംവിധാനം എന്താണെന്നും അവയുടെ പ്രവർത്തന ഉദ്ദേശ്യങ്ങൾ എന്താണെന്നും വ്യക്തമാക്കുമോ; | (എ) കേരള സംസ്ഥാനം മുഴുവൻ അധികാരപരിധിയോടു കൂടി ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ് (ഡി.ഐ.ജി) റാങ്കിലുള്ള ഉദ്യോഗസ്ഥൻ വിജിലൻസ് ആഫീസറായി ഹെഡാഫീസിലും ടിയാന്റെ കീഴിൽ ഓരോ ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് റാങ്കിലുള്ള ഉദ്യോഗസ്ഥന്റെ നിയന്ത്രണത്തിൽ ദക്ഷിണ മേഖലാ, മദ്ധ്യമേഖലാ ആഫീസുകളും അടങ്ങുന്നതാണ് സഹകരണ വിജിലൻസ് സംവിധാനം. സഹകരണ സംഘങ്ങളിലെ അഴിമതി, പണാപഹരണം, സാമ്പത്തിക ക്രമക്കേടുകൾ എന്നിവയിന്മേൽ അന്വേഷണം നടത്തുന്നതിനും ആയത് സഹകരണ സംഘം രജിസ്ട്രാർക്ക് മേൽനടപടികൾ സ്വീകരിക്കുന്നതിനുമായി നൽകുന്നതിനുമാണ് വിജിലൻസ് വിഭാഗം ആരംഭിച്ചത്. എന്നാൽ നിലവിലുള്ള സംവിധാന പ്രകാരം സ്വതന്ത്രമായി സ്വമേധയാ അന്വേഷണം നടത്തുന്നതിനോ, |

| | |
|---|---|
| | അന്വേഷണം നടത്തി ലഭിക്കുന്ന റിപ്പോർട്ടുകളിന്മേൽ നേരിട്ട് മേൽ നടപടികൾ സ്വീകരിക്കുന്നതിനോ വിജിലൻസ് ആഫീസർക്ക് അധികാരമില്ല. |
| (ബി) വിജിലൻസ് തലവന്റെ തസ്തിക എത്രകാലമായി ഒഴിഞ്ഞു കിടക്കുകയാണ്; ഇതിനുള്ള കാരണം വ്യക്തമാക്കുമോ; | (ബി) 9.2.11 മുതൽ ടി തസ്തിക ഒഴിഞ്ഞു കിടക്കുകയാണ്. സംസ്ഥാന പോലീസ് വകുപ്പിൽ നിന്നും ഡി.ഐ.ജി റാങ്കിലുള്ള ഒരു പോലീസ് ഓഫീസറുടെ സേവനം ലഭിക്കുന്ന മുറയ്ക്ക് മാത്രമെ ടി ഒഴിവ് നികത്തുവാൻ സാധിക്കുകയുള്ളു. |
| (സി) ഇപ്പോൾ ലഭിക്കുന്ന പരാതികൾ എപ്രകാരമാണ് കൈകാര്യം ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ; | (സി) സഹകരണ രജിസ്ട്രാർക്ക് ലഭിക്കുന്ന പരാതികളുടെ സ്വഭാവമനുസരിച്ച് ആയത് പരിശോധിച്ച് സഹകരണ വിജിലൻസ് ആഫീസർക്ക് കൈമാറുകയും വിജിലൻസ് വിഭാഗം പരാതിയിന്മേൽ അന്വേഷണം നടത്തി റിപ്പോർട്ട് രജിസ്ട്രാർക്ക് തുടർ നടപടിയ്ക്കുവേണ്ടി സമർപ്പിക്കുകയും ചെയ്യുന്നു. |
| (ഡി) സഹകരണ വിജിലൻസ് വിഭാഗത്തിൽ മുഴുവൻ ജീവനക്കാരേയും നിയമിച്ച് ഈ സെല്ലിന്റെ പ്രവർത്തനം ശക്തമാക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) വിജിലൻസ് വിഭാഗത്തിന്റെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ